(43) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കാൻ അവസരം നൽകണമെന്ന ആവശ്യം

ശ്രീ. കെ. ബാബു: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെപോയ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം ലഭിക്കാൻ ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുഭൂരിപക്ഷം പേർക്കും രോഗമുൾപ്പെടെയുള്ള കാരണങ്ങൾ കൊണ്ടാണ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയത്. തൊഴിൽ നൽകിയില്ലെങ്കിലും രജിസ്ട്രേഷൻ ഉണ്ടെന്ന് ആശ്വസിക്കാനെങ്കിലും ഉദ്യോഗാർത്ഥികളെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1-6-1993 മുതൽ 31-12-1995 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വന്നവർക്ക്, അതായത് ചില നടപടികളുടെ ഫലമായിട്ടോ തെറ്റായ കാര്യങ്ങൾ ചെയ്തതിന്റെ ഫലമായിട്ടോ അല്ലാതെ രോഗത്താലോ മറ്റേതെങ്കിലും കാരണത്താലോ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് മേയ് 31-ാം തീയതിക്കുള്ളിൽ അതാത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ അപേക്ഷ കൊടുത്താൽ ആ നിമിഷം അത് പുതുക്കി കൊടുക്കുന്നതാണ്. അതിനുവേണ്ടി ഗവൺമെൻറ് 28-2-1996-ൽ ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്.

(44) ചിറയിൻകീഴ് പഞ്ചായത്തിലെ അരയത്തുരുത്തിപ്പാലം പണി

ശ്രീ. ടി. ശരത്ചന്ദ്ര പ്രസാദ്: സർ, ആറ്റിങ്ങൽ മണ്ഡലത്തിൽ ചിറയിൻകീഴ് പഞ്ചായത്തിൽ 1992-1993-ൽ ഫ്ളഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി അരയത്തുരുത്തിപ്പാലം പണിയാൻ ഗവൺമെൻറ് തീരുമാനിച്ചു. കളക്ടറേറ്റിൽനിന്ന് അനുവദിച്ച ഫണ്ടുകൊണ്ടാണ് ആ പാലം പണിയാൻ തീരുമാനിച്ചിരുന്നത്. കഴിഞ്ഞ പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പു നടക്കുന്നതിനു മുമ്പുതന്നെ അതിന്റെ പണി ആരംഭിക്കുകയും ചെയ്തു. രാഷ്ട്രീയ പ്രേരിതരായ ചില ആളുകൾ, ചില പഞ്ചായത്ത് മെമ്പർമാർ പഞ്ചായത്ത് കമ്മിറ്റിയിൽ സ്വാധീനം ചെലുത്തി ആ പാലം പണി ഉടൻ നിർത്തിവയ്ക്കണമെന്ന ഒരു തീരുമാനമെടുത്ത് ജില്ലാ പഞ്ചായത്തിൽ അയച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ പണി തടസ്സപ്പെട്ടിരിക്കുകയാണ്. ജില്ലാ പഞ്ചായത്തിനോ, ബ്ലോക്ക് പഞ്ചായത്തിനോ, ഗ്രാമ പഞ്ചായത്തിനോ ഒന്നും പാലം പണി നിർത്തിവയ്ക്കാനുള്ള അവകാശമില്ല. പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കുന്നതിനുമുമ്പ് തുടങ്ങിവച്ച ഈ പാലത്തിന്റെ പണി മനഃപൂർവ്വമായി നിർത്തിവച്ചിരിക്കുകയാണ്. നൂറിനടുത്തോളം വീട്ടുകാരാണ് അവിടെയുള്ളത്. ആ ആളുകൾ സെക്രട്ടേറിയറ്റിനു മുമ്പിൽ കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് സത്യാഗ്രഹം നടത്തിപ്പോയതാണ്. മുഖ്യമന്ത്രിക്കും നിവേദനം കൊടുത്തു. അടിയന്തിരമായി ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ഭാഗത്തുനിന്ന്, കളക്ടർ മുഖാന്തിരം കൊടുത്ത പണംകൊണ്ട് ഈ പാലം പണിയിക്കുന്നതിന് നടപടിയുണ്ടാകണം. ഇതൊരു നടപ്പാലമാണ്; 5 ലക്ഷത്തിൽ ചില്വാനം രൂപ ചിലവുവരുന്ന ഒരു നടപ്പാലം. ഈ പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കാൻവേണ്ടി കർശനമായ നിർദ്ദേശം കൊടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly